# 4G യുടെ ലോകത്തേക്ക് അമ്മമാരും....

GHSS PERASSANNUR

2019 –20 അധ്യയന വർഷത്തെ ക്ലാസ് PTA മീറ്റിങ്ങിൽ രക്ഷിതാക്കളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു.മക്കളുടെ പഠന പുരോഗതി അറിയൽ ഓരോരുത്തരുടെയും കടമയാണെന്ന തിരിച്ചറിവ് എല്ലാ മുഖങ്ങളിലും ഉണ്ടായിരുന്നു. ഉച്ചക്ക് രണ്ടുമണിക്കാരംഭിച്ച PTA യിൽ മക്കളുടെ പഠനപുരോഗതി അറിയുന്നതോടൊപ്പം അവർക്കു ഒരു താങ്ങായി എങ്ങനെ മാറാം എന്നുകൂടി മനസിലാക്കാൻ ഓരോ രക്ഷിതാവിനും സാധിച്ചു. എല്ലാ രക്ഷിതാക്കളെയും ഒരുമിച്ചിരുത്തി ക്ലാസ് ടീച്ചർമാരുമായുള്ള ഒരുമണിക്കൂർ നേരത്തെ ചർച്ചക്ക് ശേഷം ഓരോ വിഷയങ്ങൾ എടുക്കുന്ന ടീച്ചർമാരുമായുള്ള ചർച്ചക്കും വേദിയൊരുക്കി.

അതിനുശേഷം ലിറ്റിൽ കൈറ്റ്സ് കുട്ടി അധ്യാപകരുടെ മുന്നിൽ അമ്മമാർ വിദ്യാർത്ഥികളായി. ഓരോരുത്തരെയും ഹൈ ടെക് അമ്മമാരാക്കാനുള്ള പ്രവർത്തനത്തിന്റെ മുന്നോടിയായുള്ള ആദ്യ വിലയിരുത്തൽ ക്ലാസ്സായിരിന്നു.കംപ്യൂട്ടറിനു മുന്നിലേക്ക് വരാൻ മടിച്ചുനിന്ന രക്ഷിതാക്കൾ പിന്നീട് ഐ ടി യെ തേടിയെത്തി. ഹാർഡ് വെയർ ,ഫോൾഡർ നിർമ്മാണം എന്നിവയിൽ തുടങ്ങി Q R കോഡ് സ്കാനിങ് വരെ വിശദമായിത്തന്നെ ക്ലാസ്സെടുത്തു. കുട്ടികൾക്കൊപ്പം മറ്റൊരു കുട്ടിയായി ഓരോ അമ്മമാരും മാറുകയായിരുന്നു.

ഹൈ ടെക് വിദ്യാഭ്യാസത്തിൽ കുട്ടികളെ സഹായിക്കുന്നതിന് ഐ ടി പഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ അമ്മമാർ വീണ്ടും വരുമെന്ന് പറഞ്ഞാണ് പിരിഞ്ഞത് . വിജ്ഞാനവും,വിനോദവും,പഠനപുരോഗതിയും അറിഞ്ഞ PTA യോഗം അവിസ്മരണീയ അനുഭവമാണ് രക്ഷിതാക്കൾക്ക് സമ്മാനിച്ചത്.



CLASS TOPPERS WITH MEDALS



ഇത്തിരി കമ്പ്യൂട്ടർ പഠനം



Q R കോഡ് എങ്ങനെ? ക്ലാസ് ശ്രവിക്കുന്ന കുട്ടികളും,അമ്മമാരും

ലിറ്റിൽ കൈറ്റ്സ്
പേരശ്ശന്നൂർ